(4) സാന്ത്വനം – ഹെൽത്ത് സ്ക്രീനിംഗ് എന്റർപ്രൈസ്

(5) തെങ്ങുകയറ്റ പരിശീലനം

(6) വിദ്യാശ്രീ–ഐ. റ്റി. സ്കൂൾ പ്രോഗ്രാമിന്റെ ഭാഗമായുള്ള സംരംഭം

(7) ഐ. റ്റി. യൂണിറ്റുകൾ

(8) വിദേശ രാജ്യങ്ങളിൽ ഗൃഹവ്യത്തിക്കായി പോകുന്ന സ്ത്രീകൾക്ക് നൽകുന്ന വിദഗ്ദ്ധ പരിശീലനം.

(ബി) കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ അംഗങ്ങളായ ദരിദ്ര കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത മെച്ചപ്പെടുത്തുന്നതിനായി ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു:

(1) കുടുംബശ്രീ സംഘടനാ സംവിധാനം ശക്തിപ്പെടുത്തൽ,

(2) ലിങ്കേജ് ബാങ്കിംഗ് പരിപാടി കൂടുതൽ വ്യാപിപ്പിക്കൽ,

(3) ആശ്രയ അഗതി പുനരധിവാസ പരിപാടി 350 ഗ്രാമ പഞ്ചായത്തുകളിൽ കൂടി വ്യാപിപ്പിക്കൽ,

(4) 50,000 യുവജനങ്ങൾക്ക് പ്രത്യേക തൊഴിൽ പദ്ധതി നടപ്പാക്കൽ,

(5) ഭവനശ്രീ പദ്ധതി കൂടുതൽ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കൽ,

(6) ലീസ് ലാന്റ് ഫാമിംഗ് കൂടുതൽ ഫലപ്രദമായി നടപ്പാക്കൽ,

(7) എല്ലാ പഞ്ചായത്തുകളിലും ബാദ്ധ്യസഭകൾ രൂപീകരിക്കൽ.

സ്മാർട്ട് സിറ്റി പദ്ധതി

*18 [18] *പ്രൊഫ. കെ. വി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിയെക്കുറിച്ചുള്ള വിശദ വിവരങ്ങൾ നൽകാമോ;

(ബി) ഈ പ്രോജക്ടുകൊണ്ട് കേരളത്തിനുള്ള വികസന സാദ്ധ്യതകൾ എന്തൊക്കെയാണെന്നറിയിക്കാമോ?

മുഖ്യമന്ത്രി (*ശ്രീ. ഉമ്മൻ ചാണ്ടി*):

(എ) കേരള സർക്കാരിന്റെയും ഡി.ഐ.സി. യുടെയും സംയുക്ത സംരംഭമായി കൊച്ചിയിലെ ഇൻഫോപാർക്കിനെ കേന്ദ്രീകരിച്ചുള്ള ഐ.ടി. പാർക്ക് വികസനത്തിനായുള്ള ഒരു പദ്ധതിയാണ് സ്മാർട്ട് സിറ്റി പ്രോജക്ട്. ഈ പാർക്കിനുള്ളിൽ ജോലി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നവർക്കുവേണ്ടി പാർപ്പിട വാണിജ്യ സമുച്ചയങ്ങളും ആശുപത്രി, സ്കൂൾ തുടങ്ങിയ അനുബന്ധ സൗകര്യങ്ങളും ഉണ്ടായിരിക്കുന്നതാണ്. 2004 ഡിസംബറിൽ ഇതു സംബന്ധിച്ച് ഡി.ഐ.സി. കേരള സർക്കാരിന് ഒരു കർത്തവ്യ നിർദ്ദേശം സമർപ്പിക്കുകയുണ്ടായി. തുടർന്നുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ ഒരു കരടു ധാരണാപത്രം ഇരുകക്ഷികളുടെയും പ്രതിനിധികൾ തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ച് കേരള സർക്കാർ 100 ഏക്കർ സ്ഥലം പുതുതായി രൂപംകൊള്ളുന്ന കമ്പനിക്ക് സൗജന്യമായി നൽകും. അതിനുപുറമേ 136 ഏക്കർ സ്ഥലം 36 കോടി രൂപയ്ക്ക് പുതിയ കമ്പനിക്ക് നൽകുന്നതാണ്. ഇൻഫോപാർക്കിന്റെ 62.27 ഏക്കർ സ്ഥലവും അതിൽ ഉൾപ്പെട്ടിരിക്കുന്ന വസ്തുവകകളും 109 കോടി രൂപയ്ക്ക് ടി കമ്പനിക്ക് കൈമാറുന്നതാണ്. പുതുതായി രൂപംകൊള്ളുന്ന കമ്പനിയിൽ ഡി.ഐ.സി. ക്ക് ഏകദേശം 91% ഓഹരിയും കേരള സർക്കാരിന് 9% ഓഹരിയുമാണ് ഉണ്ടായിരിക്കുക. പദ്ധതി പൂർത്തിയാകുമ്പോൾ 1500 കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ഐ. ടി./ഐ.ടി.ഇ.എസ്. സംരംഭങ്ങൾക്കുള്ള വൻകിട നിക്ഷേപത്തിന് പറ്റിയ സംസ്ഥാനമാണ് കേരളം എന്ന ഒരു പ്രതിഛായ സൃഷ്ടിക്കുന്നതുവഴി കേരളത്തിലേക്ക് ധാരാളം നിക്ഷേപങ്ങളും അതിനോടനുബന്ധിച്ച് ധാരാളം വികസന പ്രവർത്തനങ്ങളും ഉറപ്പാക്കാൻ കഴിയും. 33,300-ഓളം നേരിട്ടുള്ള തൊഴിലവസരങ്ങളും അത്രയുംതന്നെ പരോക്ഷമായ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും. ഇതിൽ ഭൂരിപക്ഷവും കേരളത്തിലുള്ളവർക്ക് ലഭിക്കുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ. ഇന്ന് കേരളത്തിൽ നിന്ന് ഐ.ടി. മേഖലയിൽ കയറ്റുമതി ചെയ്യുന്ന 300 കോടി രൂപയുടെ അനേകമടങ്ങ് കയറ്റുമതി കൈവരിക്കാനാകും. വ്യവസായ നഗരമായ കൊച്ചിയുടെ പ്രതിഛായ വർദ്ധിപ്പിക്കുവാനും സാമ്പത്തികമായ നേട്ടങ്ങൾ കൈവരിക്കുവാനും വിവര സാങ്കേതിക രംഗത്ത് ഇന്ത്യയിൽ അറിയപ്പെടുന്ന നഗരമായി കൊച്ചിയെ വളർത്തിയെടുക്കുവാനും സാധിക്കും. കൂടാതെ I.T./Biotech മേഖലകളിൽ ജോലി ചെയ്യുന്ന പ്രഗത്ഭരായ ആളുകളുടെ ഒരു സുപ്രധാന അധിവാസ കേന്ദ്രമായി കൊച്ചി മാറുമെന്നതിനാൽ ഇവിടുത്തെ വിദ്യാഭ്യാസ രംഗത്തും സാമൂഹ്യ സാംസ്കാരിക മേഖലകളിലും ഒരു വൻ കുതിച്ചു ചാട്ടത്തിന് സ്മാർട്ട് സിറ്റി പദ്ധതി വഴിയൊരുക്കും.

സാംക്രമിക രോഗങ്ങൾ തടയുന്നതിന് നടപടികൾ

*19 [19] *ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:*

ശ്രീ. സ്റ്റീഫൻ ജോർജ്ജ്:

" തോമസ് ഉണ്ണിയാടൻ:

" ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly